**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1191</u>** **<u>10-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>പുല്ലുവായ്- തൊട്ടിൽപ്പാലം റോഡിന്റെ നിർമ്മാണപുരോഗതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലൂടെയുള്ള പുല്ലുവായ്-തൊട്ടിൽപ്പാലം റോഡിന്റെ നിർമ്മാണപുരോഗതി അറിയിക്കാമോ? | (എ) | പുല്ലുവായ് - തൊട്ടിൽപ്പാലം റോഡ് പ്രവൃത്തിക്ക് 10.07.2017- ലെ സ.ഉ (സാധാ) നം. 942/2017/പൊമവ പ്രകാരം തത്വത്തിൽ ഭരണാനുമതിയും 26.05.2018-ൽ 88.13 കോട ്രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബി വ നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടമായി സ്ഥല ലഭ്യത ഉറപ്പായിട്ടുള്ള Ch.11/900 മുതൽ Ch.19/700 വരെയും Ch. 21/700 മുതൽ Ch. 28/000 വരെയുമുള്ള 14 കി. മി. ന് 49.22 കോടി ്രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്ത ആരംഭിച്ചു. ഈ പ്രവൃത്തി 87% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്. Ch.19/700 മുത Ch.21/700 വരെയുള്ള 2 കി. മി. ന് സാങ്കേതികാനുമതി നൽകി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഈ എസ്റ്റിമേറ്റിൽ അവശ്യഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി പുനഃ സമർപ്പിക്കുവാൻ കിഫ്ബി 31/07/2024 ൽ നിർദ്ദേശിച്ചതനുസരിച്ച് പ്രോജക്ട് ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>0/000 മുതൽ 11/900 വരെയുള്ള 11.90 കി. മീ. റോഡ് FDR സാങ്കേതിക വിദ്യ ഉപയോഗിച്ച് നവീകരിക്കുവാൻ കിഫ്ബി നിർദ്ദേശിച്ചിരുന്നു.01.02.2024-ന് നടന്ന 151– മത് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഭൂമി ലഭ്യത ഉറപ്പാക്കുകയും യൂട്ടിലിറ്റി എസ്റ്റിമേറ്റുകൾ ഉൾപ്പെടെ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ച് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുകയും ചെയ്യുന്നതിന് കമ്മിറ്റി ശുപാർശ |

| | | | | |
|---|---|---|---|---|
| | | | | ചെയ്തതനുസരിച്ച് കെ.ആർ.എഫ്.ബി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ